

# ജീവിതം ഒരു പൂന്തോട്ടം

ശിവദാസൻ.എ.കെ



നിങ്ങൾ പൂന്തോട്ടങ്ങൾ കണ്ടിട്ടില്ലെ. നിരവധി പൂക്കൾ വിരിഞ്ഞു നിൽക്കുന്ന, ചിത്രശലഭങ്ങളും ചെറുപ്രാണികളും പാറി നടക്കുന്ന പൂന്തോട്ടങ്ങൾ ഇഷ്ടപ്പെടാത്തവരായി ആരാണുള്ളത്.അത്തരമൊന്ന് തന്റെ മുറ്റത്തും വേണമെന്ന് ഒട്ടു മിക്കവരും ആഗ്രഹിച്ചേക്കാം. ചിലർ വിത്തുകളൊ തൈകളൊ വാങ്ങിക്കൊണ്ട് പോകുകയും ചെയ്യും. പക്ഷേ, അവരിൽ എത്ര പേർക്ക് അത്തരമൊരു പൂന്തോട്ടം സൃഷ്ടിക്കാനാവുന്നുണ്ട്. ഒരു പൂന്തോട്ടം സൃഷ്ടിക്കുക എന്നത് ശ്രമകരമായ പ്രവൃത്തിയാണ്. ഇനി പൂക്കൾ വിരിഞ്ഞ പൂന്തോട്ടത്തിലേക്ക് കുറെ മുൻപായിരുന്നു നാം ചെന്നതെന്ന് കരുതുക. ഒരു പൂവുപോലും വിരിഞ്ഞിട്ടുണ്ടാവില്ല. വിത്തും തൈകളും  കുഴഞ്ഞ മണ്ണും ഒക്കെയായി വളരെ വിരസമായൊരിടം. അതൊരു പൂന്തോട്ടമായി വളരുമെന്ന് ഒരു പക്ഷേ നാമോർക്കില്ല. പൂന്തോട്ടത്തിന്റെ നിർമ്മാണത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. ഒരു തരത്തിൽ ജീവിതവും ഒരു പൂന്തോട്ടമാണ്.



ജീവിതത്തിൽ നിറയെ പുഷ്പങ്ങളുടെ സൗരഭ്യമുള്ളവരെ നോക്കി, ഭാഗ്യവാൻമാർ എന്ന് നാം അസൂയപ്പെടുന്നു, പൂന്തോട്ടത്തെ നോക്കി കരുതിയപോലെ തന്നെ. പക്ഷേ, സ്വയം ഒരു പൂന്തോട്ടമായി മാറാൻ കഴിയുമോ എന്ന് പരീക്ഷിക്കുന്നവർ അത്രയധികമുണ്ടാവില്ല. അതിന് ചുറ്റുപാടുകൾ തന്നെയാണ് തെളിവ്. ഒരു പൂന്തോട്ടത്തിനായി മണ്ണൊരുക്കുമ്പോൾത്തന്നെ അതിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളെ സ്വപ്നം കാണാൻ കഴിയാത്തവർക്ക് എന്തെങ്കിലും നേടാൻ കഴിയുമെന്ന് വെറുതെയെങ്കിലും പ്രതീക്ഷിക്കുക വയ്യ.

ആളുകൾ സ്വന്തം വീട്ടുമുറ്റം വൃത്തിയാക്കുകയും ചപ്പുചവറുകൾ പൊതുസ്ഥലത്തേക്ക് വലിച്ചെറിയുകയും ചെയ്യുന്നത് പതിവു കാഴ്ചയാണ്. വീടു പോലെ തന്നെ പൊതു ഇടങ്ങളും നാം ഉപയോഗിക്കുന്നുണ്ട്. സ്വന്തം വീട്ടിലും ഒരാൾക്കുള്ള ഇടമേ നമുക്ക് ഉപയോഗിക്കാനാകുകയുള്ളൂ. നമ്മുടെ ജോലിസ്ഥലങ്ങളിൽ പ്രത്യേകിച്ച് പൊതുഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ പൊടിപിടിച്ച ഇരിപ്പിടങ്ങളും കുത്തഴിഞ്ഞ ഫയൽക്കെട്ടുകളും നിത്യകാഴ്ചയാണ്. ഒരാൾ ഉണർന്നിരിക്കുന്നത് കൂടുതൽ സമയവും അയാളുടെ ജോലിസ്ഥലത്താണ്. ലക്ഷങ്ങൾ മുടക്കി പണിത വീട്ടിൽ കൂടുതൽ സമയവും അയാൾ ഉറങ്ങുകയാണ്. ഉറക്കത്തിനായി കൊട്ടാരങ്ങൾ കെട്ടുന്നവർ ഉണർന്നിരിക്കുന്നത് പൊടി പിടിച്ചതും പ്രാകൃതവുമായ ഇടങ്ങളിലാണ്. അത് വൃത്തിയാക്കണമെന്ന് അയാൾക്ക് തോന്നുന്നില്ല. തന്റെ ഫയൽക്കെട്ടുകൾ വൃത്തിയായിരിക്കണമെന്ന് അയാൾക്കൊരു നിർബന്ധവുമില്ല. കാരണം അത് എല്ലാവർക്കുമുള്ളതാണ്. വീട് എന്നേക്കും നമ്മുടെ സ്വന്തമാകുന്നത് എങ്ങനെയാണ്. നാമത് വിറ്റാൽ മറ്റൊരാളുടേത് ആകുന്നു. മക്കൾ മുതിർന്നാൽ സ്വരചേർച്ചയില്ലാതെ വീട്ടിൽ നിന്നും പുറത്താകുന്നവർ എത്രയാണ്. ഉപരി മരിച്ചവർ ഒന്നും തന്നെ കൊണ്ടുപോകുന്നുമില്ല. പൊതുഇടങ്ങളിലും സ്വന്തമാണെന്ന് ശഠിയ്ക്കുന്ന ഇടങ്ങളിലും നാമൊന്നേയുള്ളൂ എന്നതാണ് വാസ്തവം. നിരയൊത്ത ചെടികൾ നട്ടു പിടിപ്പിച്ച പൂന്തോട്ടം പോലെ ഭംഗിയുള്ളതാണ് അടുക്കും ചിട്ടയുള്ളതുമായ ജീവിതങ്ങളും.

ഭാരതം സാംസ്കാരികമായി ഉന്നതമാണ് എന്നതിൽ നമുക്ക് അഭിമാനമുണ്ട്. ഇത്രമേൽ തത്വചിന്താപരമായും, സാഹിത്യപരമായും പാരമ്പര്യസ്വത്താർജ്ജിച്ചവർ കുറവാണ്. പക്ഷേ, ഉന്നതമായ ജീവിതമനോഭാവം സൃഷ്ടിക്കാൻ കഴിയാതെ സംസ്കാരത്തെപ്പറ്റി വീമ്പു പറയുന്നതിൽ എന്തർത്ഥമാണുള്ളത്. ഋഷി തുല്യരായ മഹാത്മാക്കളുടെ തത്വചിന്തകൾ പുസ്തകങ്ങളിൽ ഉറങ്ങുക തന്നെയാണ്. ഒരായുസ്സ് മുഴുവൻ ആഹരിക്കാനുള്ള വിശിഷ്ടവിഭവങ്ങൾ ഒരു കെട്ടിടത്തിൽ സൂക്ഷിച്ച് ഒട്ടിയ വയറും ഉന്തിയ കണ്ണുമായി ഞാൻ സുഭിക്ഷനാണ് എന്ന് വീമ്പിളക്കുന്നത് പോലെയാണത്. നമുക്ക് ഏതാനും സാംസ്കാരിക നായകൻമാരും സംസ്കാരം കുറവെന്ന് ധ്വനിപ്പിക്കുന്ന ഭൂരിപക്ഷവുമാണുള്ളത്. ഓരോ മനുഷ്യനും സാംസ്കാരിക നായകനാകുമ്പോൾ മാത്രമേ മാന്യമായൊരു ജീവിതരീതി രൂപപ്പെടുകയുള്ളൂ. ഏതാനും സാംസ്കാരികനായകരും അല്ലാത്ത ജനങ്ങളുമുള്ളിടത്ത് യാതൊരു മാറ്റവും ഉണ്ടാകുകയില്ല. വെൽഫെയർ സ്റ്റേറ്റുകൾ എന്ന് വിളിക്കുന്ന ഉന്നത മാനുഷികമൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന രാജ്യങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും കുറവാണ്. അവർ എങ്ങനേയും പണം സമ്പാദിച്ച് വരും തലമുറയ്ക്കായി കാത്തുവയ്ക്കുന്നില്ല. അവിടെ കുട്ടികളെ നിയമങ്ങൾ അനുസരിക്കാൻ ശീലിപ്പിക്കുകയും ആത്മവിശ്വാസമുള്ളവരായി വളരാൻ അനുവദിക്കുകയും ചെയ്യുന്നു. നാം കുട്ടികൾക്ക് ഏതു വിധേനയും പണം സമ്പാദിക്കുകയും അരക്ഷിതാവസ്ഥയിലുള്ള സാമൂഹികഘടന സംഭാവന ചെയ്യുകയും ചെയ്യുന്നു. നാം അവർക്ക് സത്യസന്ധമായ ഒരു സാമൂഹ്യവ്യവസ്ഥിതി ഒരുക്കി വെക്കുന്നുവെങ്കിൽ അടുത്ത തലമുറ എങ്ങനെ വളരും എന്ന് ആശങ്കപ്പെടേണ്ടതില്ല. ദുർബ്ബലനേയും ശക്തനേയുമെല്ലാം എങ്ങനെ പരിപാലിക്കണമെന്ന് ആരും പറയാതെ തന്നെ ആ വ്യവസ്ഥിതി ചെയ്തുകൊള്ളും. കുറെ പണമുള്ളതുകൊണ്ടുമാത്രം കുത്തഴിഞ്ഞ സാമൂഹ്യവ്യവസ്ഥയിൽ ഒരാൾ സുരക്ഷിതനെന്ന് എന്താണൊരുറപ്പ്.

വ്യക്തിജീവിതങ്ങൾ പുഷ്പിക്കുമ്പോൾ സമൂഹവും പുഷ്പിക്കുന്നുണ്ട്. അതിനായി പൂന്തോട്ടങ്ങളൊരുക്കുകയാണ് ഭാവി തലമുറക്ക് വേണ്ടി ചെയ്യേണ്ടുന്ന കടമ. മറ്റുള്ള പൂന്തോട്ടങ്ങളിൽ നിന്ന് ഇറുത്തെടുക്കുന്ന പൂക്കൾക്ക് എത്രയായാലും ആയുസ്സ് ഉണ്ടാകില്ലല്ലോ.